**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2181** **13-09-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ 187 സർക്കാർ ഓഫീസുകളിൽ / സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 116 ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 54 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | കെ-ഫോൺ സൗജന്യനിരക്കിൽ വീട്ടുകളിൽ ലഭ്യമാക്കാൻ അപേക്ഷ സ്വീകരിച്ചു തുടങ്ങിയോ; വിശദമാക്കാമോ? | (ബി) | ആദ്യ ഘട്ടത്തിൽ ഓരോ നിയോജകമണ്ഡലങ്ങളിൽ നിന്നും 100 വീതം ആകെ 14,000 സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ലിസ്റ്റിൽപ്പെട്ട 4051 കുടുംബങ്ങൾക്ക് കണക്ഷനുകൾ നൽകിക്കഴിഞ്ഞു.<br><br>മിതമായ നിരക്കിൽ ഫൈബർ-ടു-ഹോം കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ച ശേഷമേ വീട്ടുകളിലേക്കുള്ള കണക്ഷൻ നൽകി തുടങ്ങാൻ സാധിക്കുകയുള്ളൂ.<br><br>കെ-ഫോൺ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് “എന്റെകെഫോൺ" (enteKFON) മൊബൈൽ ആപ്പ് മുഖേന പുതിയ കണക്ഷനു വേണ്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും iOS ആപ്പ് സ്റ്റോറിൽ നിന്നും ആപ്പ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ